# പരി. ലാസലെറ്റ് മാതാവിന്റെ 175-ാം പ്രത്യക്ഷികരണതിരുനാളിന് ഒരുക്കമായ ധ്യാന പ്രാർത്ഥനാ കർമ്മം.

## ആഗസ്റ്റ് 2021

**നിർദ്ദേശങ്ങൾ:-**

(കുടുംബാംഗങ്ങളെല്ലാവരും പ്രാർത്ഥനാമുറിയിൽ ഒന്നു ചേരുന്നു. മാതാവിന്റെ തിരുസ്വരൂപം/ചിത്രം അലങ്കരിച്ച്, മുമ്പിൽ മെഴുകുതിരി കത്തിച്ചു വെയ്ക്കാം. പ്രാർത്ഥനകളും വായനകളും കുടുംബനാഥനോ അല്ലെങ്കിൽ കുടുംബാഗങ്ങളിൽ മറ്റൊരാളോ നയിക്കാം. ഈ പ്രാർത്ഥനാ ശുശ്രൂഷ ഈ മാസത്തിലെ 19-ാം തിയ്യതി കുടുംബപ്രാർത്ഥനയോടു ചേർത്ത് നടത്തുന്നതാണ് ഉത്തമം.)

### പ്രാരംഭഗാനം

പരിശുദ്ധാത്മാവേ.....

ലീഡർ 1. സ്വർഗ്ഗ 3 നൻമ 1. ത്രിത്വ

### പ്രാരംഭ പ്രാർത്ഥന

ലീഡർ നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിതൈ്വക ദൈവമേ. അങ്ങേ സ്നേഹ സന്ദേശവുമായി പരി. മാതാവ് ലാസലെറ്റ് മലയിൽ പ്രത്യക്ഷയായതിന്റെ 175-ാം തിരുന്നാളിനൊരുങ്ങുന്ന ഞങ്ങളെ അനുഗ്രഹിക്കണമേ. ലാസലെറ്റ് മാതാവിന്റെ അനുരഞ്ജന സന്ദേശം ഉൾകൊണ്ടു കൊണ്ട് വ്യക്തി ജീവിതത്തിലും കുടുംബത്തിലും സമൂഹത്തിലും പരിവർത്തനം വരുത്തുവാൻ ഞങ്ങളെ സഹായിക്കണമേ. ജൂബിലി വർഷത്തിനൊരുക്കമായി വൈദികരിലും സമർപ്പിതരിലും സമർപ്പിതാർത്ഥികളിലും അത്മായ കൂട്ടായ്മകളിലും നടക്കുന്ന ഭൗതികവും അത്മീയവുമായ എല്ലാ സംരംഭങ്ങളെയും അങ്ങ് സമൃദ്ധമായി അനുഗ്രഹിക്കണമേ. പരി. അമ്മ ആഹ്വാനം ചെയ്തതുപോലെ പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരും പരിത്യാഗ പ്രാശ്ചിത പ്രവർത്തനങ്ങളിൽ ഉൽസുകരും ജീവിതത്തിൽ ക്രിസ്തുവിന്റെ തീക്ഷണ യോദ്ധാക്കളുമാകുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. സകലത്തിന്റേയും നാഥാ എന്നേക്കും.

ആമ്മേൻ

### വചനവായന

ലൂക്ക; 15-1,7

### <u>ധ്യാനചിന്തകൾ - ‘‘ദൈവകരുണയുടെ മുഖം - ലാസലെറ്റ്’’</u>

ദൈവം, കരുണയുടെ പിതാവാണ് എന്ന് ഈശോ തന്റെ ജീവിതം കൊണ്ടു തെളിയിച്ചു. 100 ആടുകൾ ഉണ്ടായിരുന്ന ഇടയൻ ഒന്നിനെ നഷ്ടപ്പെട്ടാൽ ബാക്കി 99 നെയും മരുഭൂമിയിൽ വിട്ടിട്ട് നഷ്ടപ്പെട്ടതിനെ അന്വേഷിക്കുന്ന ദൈവത്തിന്റെ മുഖം മനുഷ്യർക്ക് വെളിപ്പെടുത്തിയ ഈശോ, പിതാവായ ദൈവത്തിലേക്ക് പുത്രന്റെ സ്വാതന്ത്ര്യത്തോടെ, ധൂർത്തപുത്രനെപ്പോലെ യഥാർത്ഥ തിരിച്ചറിവോടെ തിരിച്ചു വിളിച്ചു. പഴയ നിയമത്തിൽ പലയിടങ്ങളിൽ ദൈവം മനുഷ്യനെ ഓർത്ത്, താൻ തെരഞ്ഞെടുത്ത ഇസ്രയേൽ ജനത്തെ ഓർത്ത് പരിതപിക്കുന്നതും അവരെ നശിപ്പിക്കാനും തുനിഞ്ഞുവെന്ന് വചനം സാക്ഷിക്കുന്നു. എന്നാൽ അവിടുന്ന് അവരെ

കരുണയോടെ സംരക്ഷിക്കുന്നതാണ് പിന്നീട് കാണുന്നത്. ഉൽപത്തി പുസ്തകം ആരംഭത്തിൽ തന്നെ നാം ദൈവത്തിന്റെ ഈ ചിന്തകളെ കണ്ടുമുട്ടുന്നു. ''ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വർദ്ധിച്ചിരിക്കുന്നുവെന്നും അവന്റെ ഹൃദയത്തിലെ ചിന്തയും ഭാവനയും എപ്പോഴും ദുഷിച്ചതുമാത്രമാണെന്നും കർത്താവു കണ്ടു. ഭൂമുഖത്തു മനുഷ്യനെ സൃഷ്ടിച്ചതിൽ കർത്താവു പരിതപിച്ചു. അത് അവിടുത്തെ ഹൃദയത്തെ വേദനിപ്പിച്ചു. കർത്താവ് അരുൾചെയ്തു. എന്റെ സൃഷ്ടിയായ മനുഷ്യനെ ഭൂമുഖത്തുനിന്ന് ഞാൻ തുടച്ചുമാറ്റും.... എന്നാൽ, നോഹ കർത്താവിന്റെ പ്രീതിക്കു പാത്രമായി ''(ഉൽപത്തി; 6, 5–8). നോഹയിലൂടെ ദൈവം മനുഷ്യനോടു കരുണകാണിക്കുന്നു. പിന്നീട് പ്രവാചക ഗ്രന്ഥങ്ങളിൽ ദൈവം ലോകം മുഴുവനോടും കരുണ കാണിക്കുന്നത്, ലോകത്തിലായിരുന്നിട്ടും, പാപസാഹചര്യങ്ങൾ ഉണ്ടായിട്ടും അതിലൊന്നും പെടാതെ കലർപ്പില്ലാതെ ജീവിക്കുന്ന – അവിഭക്തഗണത്തിലൂടെയാണ്. എല്ലാവരും ദൈവത്തെ മറന്നു എന്നു പറഞ്ഞ് വിലപിക്കുന്ന ഏലിയാ പ്രവാചകനോടു ബാലിന്റെ മുമ്പിൽ കുമ്പിടാത്ത 7000 പേരെ ഞാൻ മാറ്റി നിർത്തിയിട്ടുണ്ട് എന്ന് ദൈവം പറയുന്നു. കർത്താവിന്റെ കരുണ എല്ലാ കാലങ്ങളിലും ഉന്നതമാണ്. ആ കരുണയുടെ വക്താവായാണ് പരി. അമ്മ ലാസലെറ്റിൽ പ്രത്യക്ഷപ്പെടുന്നത്. ദൈവത്തെ കരുണയില്ലാത്ത, തെറ്റിനെ കണിശമായി ശിക്ഷിക്കുന്ന ന്യായാധിപനായാണ് പലപ്പോഴും പലരും ധ്യാനിച്ച് വെച്ചിരിക്കുന്നത്. എന്നാൽ കരുണയുള്ള ദൈവത്തെക്കുറിച്ചാണ് വചനം പഠിപ്പിക്കുക. ''കർത്താവ് കൃപാലുവും കരുണാമയനും ക്ഷമാശീലനും സ്നേഹസമ്പന്നനുമാണ്'' (സങ്കീ; 145,8). ''ഭയപ്പെടേണ്ട മക്കളെ അടുത്തുവരൂ'' എന്നരുൾ ചെയ്തതാണ് മാതാവ് തന്റെ സംഭാഷണം ലാസലെറ്റിൽ ആരംഭിച്ചത്. ഭയം വിട്ട് മാറി അടുത്ത് ചെന്നു നിന്ന കുട്ടികൾ ദൈവത്തിന്റ സ്നേഹത്തിലേക്കാണ് അടുത്തത്, അടുത്ത് ചെന്ന് മാതാവിന്റെ സന്ദേശം കേട്ടവഴി ഒരുപാട് വ്യക്തികളെയും അവർ ദൈവത്തിലേക്ക് അടുപ്പിച്ചു. മാതാവ്, ഒരു അമ്മ മക്കളെ പ്രതി എത്രത്തോളം സഹിച്ച് കാരുണ്യം കാണിക്കുന്നു എന്ന് ലാസലെറ്റിൽ വ്യക്തമാക്കുകയുണ്ടായി. അവിടുന്ന് കുട്ടികളോടു പറഞ്ഞു, ''എന്റെ ജനം അനുസരിക്കുന്നില്ലെങ്കിൽ എന്റെ പുത്രന്റെ വിധിയുടെ കരങ്ങൾ ഇനിയും തടഞ്ഞു നിർത്താൻ എനിക്കു കഴിയാതാകും.''

''എത്രകാലമായി നിങ്ങളെപ്രതി ഞാൻ സഹിക്കുന്നു, എന്നാൽ നിങ്ങളോ അതു ഗൗനിക്കുന്നില്ല. നിങ്ങൾ എത്രതന്നെ പ്രാർത്ഥിച്ചാലും എന്തുതന്നെ ചെയ്താലും നിങ്ങളെ പ്രതിയുള്ള എന്റെ സഹനത്തിനു തുല്യമാവുകയില്ല. കാരണം, എന്റെ മകൻ നിങ്ങളെ കൈവിടാതിരിക്കാനായി, ഞാനവനോടു നിരന്തരം അപേക്ഷിച്ചുകൊണ്ടിരിക്കുന്നു''.

ദൈവത്തിന്റെ മനുഷ്യനോടുള്ള അകമഴിഞ്ഞ കാരുണ്യത്തിന്റെ നേർസാക്ഷ്യം നൽകാൻ ലാസലെറ്റിൽ മാതാവിനു കഴിഞ്ഞു. ലാസലെറ്റിൽ മാതാവ് തന്റെ സന്ദേശത്തിലൂടെ നമ്മോടു ആവശ്യപ്പെടുന്നതും ദൈവത്തോടും സഹോദരങ്ങളോടും പ്രകൃതിയോടും കാരുണ്യം കാണിക്കാനാണ്. പ്രതികാരത്തിന്റെ ചിന്ത ഉള്ളിൽ രൂപം കൊള്ളുമ്പോൾ ലാസലെറ്റ് സന്ദേശം പ്രതികാരതീയെ തണുപ്പിക്കുന്ന ദിവ്യ ഔഷധമായിമാറട്ടെ. പത്രോസ് കർത്താവിനോടു കരുണയെപറ്റി ചോദിക്കുന്നത് നമുക്ക് പരിചിതമാണല്ലോ, അവൾ ചോദിച്ചു; ''എന്റെ സഹോദരൻ എന്നോടു തെറ്റു ചെയ്താൽ എത്ര തവണ ഞാൻ അവനോട് ക്ഷമിക്കണം'' തന്നെ തള്ളിപറഞ്ഞ പത്രോസിനെ തിബരിയാസിന്റെ തീരത്തുവെച്ച് തിരിച്ച് വിളിച്ച്, ക്ഷമിച്ച് വീണ്ടെടുത്ത്, സ്നേഹത്തിൽ ഉറപ്പിച്ച്, അന്ന് അവനോടു ''ഏഴെന്നല്ല, ഏഴ് എഴുപത് പ്രവശ്യം'' (മത്താ; 18, 22) എന്ന് പറഞ്ഞ ഉത്തരം ജീവിതം കൊണ്ട് സാക്ഷ്യപ്പെടുത്തി. ജൂബിലി വർഷ സമാപനത്തിൽ വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ, എല്ലാവർഷവും ഈസ്റ്റർ കഴിഞ്ഞ വരുന്ന രണ്ടാമത്തെ ഞായറാഴ്ച ''കരുണയുടെ ഞായറാഴ്ച'' ആയി ആഘോഷിക്കാൻ ആഹ്വാനം ചെയ്തു. അത് കാരുണ്യവാനായ ദൈവത്തെ ധ്യാനിക്കാനും അവന്റെ പ്രവൃത്തികളെ ജീവിതത്തിൽ പിൻതുടരുവാനുമുള്ള ആഹ്വാനമാണ്. ''നിങ്ങളുടെ

പിതാവു കരുണയുള്ളവനായിരിക്കുന്നതുപ്പോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ'' (ലൂക്ക; 6, 36). കാരുണ്യ പ്രവർത്തികൾ മതബോധനക്ലാസ്സുകളിൽ പഠിക്കാനും പിന്നീട് മറക്കുവാനുമുള്ളതല്ല, നമുക്കും കരുണയുള്ളവരാകാം. കുരിശിൻചുവട്ടിൽ പുത്രൻ ലോകത്തോടുകാട്ടിയ കാരുണ്യമാണ് പരി. അമ്മ. പരി. ഫ്രാൻസിസ് മാർപ്പാപ്പ പഠിപ്പിക്കുന്നതുപോലെ മാതാവിനോടു നമുക്ക് പ്രാർത്ഥിക്കാം. ''പരിശുദ്ധ രാജ്ഞി അങ്ങയുടെ കരുണയുള്ള കണ്ണുകൾ ഞങ്ങളുടെ നേരെ തിരിക്കണമേ, നിന്റെ പുത്രനായ ഈശോയുടെ കരുണയുള്ള മുഖം ധ്യാനിക്കാൻ ഞങ്ങളെ യോഗ്യരാക്കണമേ''(*Miselicordiac Vultus 24*)

## വിചിന്തനം ചെയ്യാം:-

- ദൈവകരുണയെ ഞാൻ വീണ്ടും വീണ്ടും പാപം ചെയ്ത് ദുരുപയോഗിക്കുന്നുണ്ടോ?
- ദൈവകരുണയാൽ ഓരോ നിമിഷവും ജീവിക്കുന്ന നാം സഹജീവികളോട് ആ വറ്റാത്ത കരുണ പ്രദർശിപ്പിക്കുന്നതിൽ പലപ്പോഴും പരാജയപ്പെട്ടു പോകാറുണ്ടോ?

## കാറോസൂസ

ലീഡർ: നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രത്യാശയോടും കൂടെ കർത്താവേ, പരി. ലാസലറ്റ് മാതാവുവഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നപേക്ഷിക്കാം.

സമൂഹം: കർത്താവേ, പരി. ലാസലറ്റ് മാതാവുവഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ലീഡർ: ലോകം മുഴുവനെയും ഭയത്തിന്റെ അന്ധകാരത്തിലാഴ്ത്തുന്ന കൊറോണാ വൈറസ് ബാധയിൽ നിന്ന് എല്ലാവരേയും കാത്തു പരിപാലിക്കണമെന്നും, അതിവേഗം പ്രതിരോധ വാക്സിൻ സംലഭ്യമാകണമെന്നും അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ,....

ലീഡർ: കാരുണ്യവാനായ ദൈവമേ വ്യക്തിബന്ധങ്ങളിലും കുടുംബങ്ങളിലും മറ്റുള്ളവരോട് കരുണ കാട്ടി അങ്ങയെ സ്നേഹത്തിന്റെ ജീവിക്കുന്ന ഉപകരണങ്ങളായി മാറാൻ ഞങ്ങളോരുത്തരെയും അനുഗ്രഹിക്കണമേ എന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ....

ലീഡർ: മാതാപിതാക്കളും മക്കളും പരസ്പര സ്നേഹത്തോടും, സഹകരണത്തോടും ജീവിച്ച് ഉത്തമ ക്രൈസ്തവ ജീവിതം നയിക്കാൻ എല്ലാ കുടുംബങ്ങളെയും അനുഗ്രഹിക്കണമേ എന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ...

ലീഡർ: രോഗങ്ങളാലും കടബാധ്യതകളാലും, മറ്റു പലകാരണങ്ങളാലും മുന്നോട്ടുള്ള ജീവിതത്തെ ഭയത്തോടെ വീക്ഷിക്കുന്നവർക്ക് പ്രതീക്ഷയുടെ സാന്ത്വനം നൽകണമേ എന്നു അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ...

ലീഡർ: നമുക്കെല്ലാവർക്കും നമ്മുടെ വ്യക്തിപരമായ പ്രാർത്ഥനകളും നമ്മുടെ കുടുംബത്തിന്റെ പ്രത്യേക ആവശ്യങ്ങളും പരി. ലാസലെറ്റ് മാതാവിന്റെ മാദ്ധ്യസ്ഥം വഴി നിശബ്ദമായി ദൈവത്തിന് സമർപ്പിക്കാം.

**നമുക്ക് പ്രാർത്ഥിക്കാം.**

പിതാവായ ദൈവത്തിന്റെ കരുണയുടെ മുഖമായ ഈശോ മിശിഹായെ, തൊണ്ണൂറ്റിയൊമ്പത് നീതിമാൻമാരെക്കാൾ അനുതപിക്കുന്ന ഒരു പാപിയെ ഓർത്ത് സ്വർഗ്ഗം സന്തോഷിക്കുമെന്ന് അങ്ങ് അരുൾചെയ്തുവല്ലോ. ദൈവത്തിന്റെ മഹാ കരുണയുടെ തണലിൽ ജീവിക്കാൻ അനുദിനം പല വ്യക്തികളിലൂടെയും കൂദാശകളിലൂടെയും ഞങ്ങളെ അനുഗ്രഹിക്കുന്നതിനെ ഓർത്ത് നന്ദി പറയുന്നു. ഞങ്ങളുടെ പാപങ്ങളെ പ്രതി എത്രയോ കാലമായി പരി. അമ്മ സഹിക്കുന്നു എന്ന സത്യം ലാസലെറ്റിൽ വെളിപ്പെടുത്തിയല്ലോ. പുത്രന്റെ വിധിയുടെ കരങ്ങളെ താങ്ങുന്ന മാതാവേ ഇഹലോക ജീവിതത്തിൽ ലോകത്തിനു അനുരൂപപ്പെടാതെ പരലോകം ലക്ഷ്യമാക്കി നീങ്ങുവാൻ ഞങ്ങളെ സഹായിക്കണമേ. പരി. ലാസലെറ്റ് മാതാവേ അങ്ങയുടെ കരുണയുള്ള കണ്ണുകൾ ഞങ്ങളുടെ നേരെ തിരിക്കണമേ, ഞങ്ങളുടെ ഈ പ്രവാസത്തിനുശേഷം അങ്ങയുടെ ഉദരത്തിന്റെ ഫലമായ, ദൈവകാരുണ്യത്തിന്റെ മൂർത്തിഭാവമായ ഈശോയ ഞങ്ങൾക്കു കാണിച്ചുതരണമേ..... ആമ്മേൻ

പരി. ലാസലെറ്റ് മാതാവേ....... ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

മാർ യൗസേപ്പിതാവേ................. ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

**സമാപനഗാനം**

എത്രയും ദയയുള്ള മാതാവേ ..........

തയ്യാറാക്കിയത്:
ലാസലെറ്റ് സന്യാസ സമൂഹത്തിന് വേണ്ടി
ഫാ. ബിബിൻ പാറേക്കുന്നേൽ MS

facebook page: La Salette Mathavu